പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 185 **27-10-2026-ൽ മറുപടിയ്ക്ക്**

250 കെ.വി.എ.യ്ക്ക് മുകളിലുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ഡോ. മാത്യു കുഴൽനാടൻ
ശ്രീ. കെ. എം. അഭിജിത്ത്
ശ്രീമതി കെ. കെ. രമ
ശ്രീ. രമേഷ് പിഷാരടി

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) എയർ കണ്ടീഷണറുകൾ, വൈദ്യുത വാഹനങ്ങൾ എന്നിവയുടെ ഉപയോഗം വർധിച്ചുവരുന്ന സാഹചര്യത്തിൽ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും വിതരണശൃംഖലയുടെ ശേഷി വർധിപ്പിക്കുന്നതിനുമായി 250 കെ.വി.എ.യ്ക്ക് മുകളിൽ ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ കൂടുതലായി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ;

മറുപടി: ഉണ്ട്.

എയർ കണ്ടീഷണറുകൾ, വൈദ്യുത വാഹനങ്ങൾ എന്നിവയുടെ വർധിച്ചുവരുന്ന ഉപയോഗം മൂലമുള്ള അധിക വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും വിതരണ ശൃംഖലയുടെ ശേഷിയും വിശ്വാസ്യതയും വർധിപ്പിക്കുന്നതിനും ദ്യുതി 2.0, Revamped Distribution Sector Scheme (RDSS) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും നിലവിലുള്ളവയുടെ ശേഷി വർധിപ്പിക്കുകയും ചെയ്യുവരുന്നു. ഭാവിയിലെ ലോഡ് വർധന മുൻകൂട്ടി കണ്ട്, ട്രാൻസ്ഫോർമർ ഓവർലോഡിംഗ് കുറയ്ക്കുന്നതിനായി 100 KVA-യ്ക്ക് പകരം 160 kVA ട്രാൻസ്ഫോർമറുകൾ സ്റ്റാൻഡേർഡ് വിതരണ ട്രാൻസ്ഫോർമറായി സ്വീകരിച്ചിട്ടുണ്ട് (മിനിമം വിതരണ ട്രാൻസ്ഫോർമർ കപ്പാസിറ്റി 160 kVA ആയി നിജപ്പെടുത്തിയിരിക്കുന്നു). ഉയർന്ന ലോഡ് സാന്ദ്രതയുള്ള പ്രദേശങ്ങളിൽ 250 kVA-യോ അതിൽ കൂടുതലോ ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവരുന്നു.

(ബി) 250 കെ.വി.എ.യ്ക്ക് മുകളിൽ ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ ശേഷി വർധിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: വിഷൻ 2031-ന്റെ ഭാഗമായി, എ.സി, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുടെ ഉപയോഗം കൂടുന്നതിനനുസരിച്ച് 250 കെവിഎ-യ്ക്ക് മുകളിലുള്ള ട്രാൻസ്ഫോർമറുകൾ കൂടുതലായി സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈ സർക്കാർ പ്രഖ്യാപിച്ച 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി, വിതരണ മേഖലയെ ആധുനികവത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനുമായി കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കി വരുന്ന ദ്യുതി 2.0 പദ്ധതിയുടെ ഭാഗമായി 100 ദിവസത്തിനുള്ളിൽ 25 എണ്ണം 250 KVA ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ദ്യുതി 2.0-ന്റെ തുടർ പദ്ധതിയായി 2027-28 മുതൽ 2031-32 വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള മൂലധന നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 160 KVA യ്ക്കു മുകളിൽ ശേഷിയുള്ള 1192 ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കാനും ശേഷി കുറഞ്ഞ 10518 ട്രാൻസ്ഫോർമറുകളുടെ ശേഷി 160 KVA /250 KVA/315 KVA/500 KVA ആക്കി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) എയർ കണ്ടീഷണറുകളുടെയും വൈദ്യുത വാഹനങ്ങളുടെയും വർധിച്ചുവരുന്ന ഉപയോഗം മൂലം വൈദ്യുതി വിതരണശൃംഖലയിൽ അമിതഭാരം അനുഭവപ്പെടുന്നതും വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുന്നതും ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

<u>മറുപടി:</u> വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുമായി ദ്യുതി 2.0, RDSS എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വൈദ്യുത വാഹനങ്ങൾ, എയർ കണ്ടിഷണറുകൾ എന്നിവയുടെ വർധിച്ച ഉപയോഗം മൂലമുണ്ടായ അധിക വൈദ്യുതി ആവശ്യകത കണക്കിലെടുത്ത്, ദ്യുതി 2.0 പദ്ധതിയിലെ പ്രവൃത്തികൾ പുനഃക്രമീകരിക്കുന്നതിനും പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു. കാസർഗോഡ്, മലപ്പുറം, ഇടുക്കി ജില്ലകളിലെ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ₹1,023.04 കോടി രൂപയുടെ പ്രത്യേക പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ട്.

നിലവിലെ Dyuthi 2.0 പദ്ധതിയുടെ Control Period 2022-23 മുതൽ 2026-27 വരെയായതിനാൽ, അടുത്ത Control Period ആയ 2027-28 മുതൽ 2031-32 വരെയുള്ള കാലയളവിലേക്കുള്ള Distribution Capital Investment Plan തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി നിർദ്ദേശിച്ചിട്ടുള്ള അഞ്ച് വർഷത്തെ ആകെ പദ്ധതി അടങ്കൽ തുക ₹6,425 കോടി ആണ്.

വിതരണ മേഖലയിൽ വൈദ്യുതി ആവശ്യകതയും ഉപഭോഗരീതിയും നിരന്തരം മാറിവരുന്ന സാഹചര്യത്തിൽ, EV charging, electric cooking, renewable energy integration, പുതിയ വ്യവസായ-വാണിജ്യ വികസനങ്ങൾ തുടങ്ങിയവ മൂലമുണ്ടാകുന്ന പുതിയതും വർധിച്ച വരുന്നതുമായ വൈദ്യുതി ആവശ്യകതകൾ കൂടി പരിഗണിച്ചാണ് network planning നടത്തുന്നത്.

വൈദ്യുതി ആവശ്യകതയിലെ വർധന, വിതരണ ശൃംഖലയുടെ ശേഷി, സുരക്ഷ, വൈദ്യുതിയുടെ ഗുണമേന്മ എന്നിവ പരിഗണിച്ച് മുൻഗണനാക്രമത്തിൽ പ്രവൃത്തികൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ആവശ്യമായ തുക കണ്ടെത്തുന്നതിനും വൈദ്യുതി വിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ